## പാഠം 27

# ഉത്തമനായ സ്നേഹിതൻ

**പാഠോദ്ദേശ്യം** : മറ്റുള്ളവരുടെ സങ്കടത്തിൽ നാം അവരെ സഹായിക്കണം

**പാഠഭാഗം** : ലൂക്കോസ് 10:30 – 37

**മനഃപാഠം** : മത്തായി 22:39

“കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം”

**പാഠം**

യേശു ജനങ്ങളോട് പ്രസംഗിച്ചുകൊണ്ട് ദേശം തോറും സഞ്ചരിച്ചുകൊണ്ടിരുന്നു. തന്റെ പ്രസംഗങ്ങൾ കേൾവിക്കാർക്ക് പെട്ടെന്ന് മനസ്സിലാകേണ്ടതിന് വേണ്ടി ഉപമകൾ (ഉപമ എന്തെന്ന് പറഞ്ഞു കൊടുക്കുക) മൂലം ജനത്തെ പഠിപ്പിച്ചു കൊണ്ടിരുന്നു. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്ന് യേശു പഠിപ്പിച്ചു. ഈ സന്ദർഭത്തിൽ ഒരാൾ യേശുവിനോട് ചോദിച്ചു.

ഗുരോ എന്റെ കൂട്ടുകാരൻ ആര്?

അപ്പോൾ യേശു ഒരു ഉപമ പറഞ്ഞു. ഒരാൾ യെരുശലേം പട്ടണത്തിൽ നിന്നും യെരിഹോ എന്ന സ്ഥലത്തേക്ക് യാത്ര പോകുകയായിരുന്നു. യാത്രയിൽ മറ്റാരും കൂട്ടിനായിട്ടില്ല. വളരെ വിജനമായ സ്ഥലത്തുകൂടി അദ്ദേഹം മുമ്പോട്ട് പോകുമ്പോൾ പെട്ടെ

## Lesson 27

# THE GOOD FRIEND

**Learning Objectives** : We must help those in need

**Passage for Study** : Luke 10:30-37

**Memory Verse** : Matthew 22:39 – Love your neighbor as yourself

**Lesson**

Jesus travelled throughout the regions of Palestine preaching to the people. Jesus spoke to the people in parables to explain his sermons and teachings to them. (explain to the students on the meaning of a parable) Jesus taught them that one should his neighbor as himself. At this time, a man asked Jesus, “Who is my neighbor?”



Then Jesus told the people a parable. A man was going down from Jerusalem to Jericho, when he was attacked by robbers. They stripped him of his clothes, beat him and went away, leaving him half dead. A priest happened to be going down the same road, and when he saw the man, he passed by on the other side. So too,

ന്ന് ഒരു കൂട്ടം കൊള്ളക്കാർ അദ്ദേഹത്തെ ആക്രമിച്ചു. യാതൊരു ദയയുമില്ലാതെ അവർ അയാളെ അടിച്ചു മുറിവേൽപ്പിച്ചിട്ട് കൈയിലുണ്ടായിരുന്നതെല്ലാം അപഹരിച്ചു. അവർ ആ വിജനപ്രദേശത്ത് അദ്ദേഹത്തെ ഉപേക്ഷിച്ചശേഷം പൊയ്ക്കളഞ്ഞു.

ഈ അവസരത്തിൽ ആ വഴിയെ യെഹൂദനായ ഒരു പുരോഹിതൻ വന്നു. മുറിവേറ്റ ആ മനുഷ്യൻ പുരോഹിതനോട് സഹായം അഭ്യർത്ഥിച്ചു. ഒരാൾ ഏതോ അപകടം പറ്റി അവിടെ കിടക്കുന്നത് കണ്ടിട്ട് ഒന്നു നോക്കുക പോലും ചെയ്യാതെ ആ മതനേതാവ് നടന്നുപോയി. ഏറെ താമസിയാതെ ഒരു ലേവ്യൻ ആ വഴിയെ വന്നു. ആ മനുഷ്യനോടും മുറിവേറ്റ ആൾ സഹായം ചോദിച്ചു. അവിടെയും നിരാശയാണ് അനുഭവപ്പെട്ടത്. അദ്ദേഹം വളരെ അവശനായി മരണത്തോട് അടുത്തുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ, മൂന്നാമതും ഒരാൾ ആ വഴിയെ വന്നു. ഒരു ശമര്യാക്കാരനായിരുന്നു അത്. അദ്ദേഹം മുറിവേറ്റു മരിപ്പാറായി ക്കിടക്കുന്ന ആളിനെ കണ്ടു. തന്റെ മനസ്സലിഞ്ഞു, അയാളുടെ അടുത്തേക്ക് ചെന്ന് ആശ്വാസവാക്കുകൾ പറഞ്ഞ്, മുറിവുകളെ എല്ലാം കെട്ടി, തന്റെ വാഹനമൃഗത്തിന്റെ പുറത്തുകയറ്റി വേഗം വഴിയമ്പലത്തിൽ എത്തിച്ചു. അവിടുത്തെ ചുമതലക്കാരന്റെ കൈയിൽ രണ്ട് വെള്ളിക്കാശ് കൊടുത്തിട്ട് നന്നായി ശുശ്രൂഷ ചെയ്യണം, കൂടുതലായി എന്തെങ്കിലും ചെലവ് വന്നാൽ തിരിച്ചു വരുമ്പോൾ തന്നുകൊള്ളാം എന്നു പറഞ്ഞു. യേശു ചോദിച്ചു ഈ മൂവരിൽ ആരാണ് ഉത്തമ സ്നേഹിതൻ? ആപത്തിൽ നമ്മെ ഉപേക്ഷിക്കാതെ, സഹായിക്കുന്നവനാണ് ഉത്തമ സ്നേഹിതൻ.



a Levite, when he came to the place and saw him, passed by on the other side.

But a Samaritan, as he traveled, came where the man was; and when he saw him, he took pity on him. He went to him and bandaged his wounds, pouring on oil and wine. Then he put the man on his own donkey, brought him to an inn and took care of him. The next day he took out some money and gave them to the innkeeper. ‘Look after him,’ he said, ‘and when I return, I will reimburse you for any extra expense you may have. Which of these three do you think was a neighbor to the man who fell into the hands of robbers?” The man replied, “The one who had mercy on him.” He is the good friend.



1 കഥപറയാം (ഉത്തമസ്നേഹിതന്റെ കഥ പറയുക)

1. Narrate the story of the Good Friend.

